പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4698 22.03.2018 ലെ മറുപടിക്ക്

**പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കയർ രംഗത്തെ ഉന്നത അധികാര സമിതിയായ അപ്പക്സ് ബോഡി ഫോർ കയർ (എ.ബി.സി) ന്റെ ജില്ലാ സമിതികൾ കയർ പ്രോജക്ട് ഓഫീസുകളുമായി ചേർന്ന് തൊണ്ട് സംഭരണം കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരിച്ച് കയർ മേഖലയിലേയ്ക്ക് കൊണ്ട് വരുന്നതിനു പകരം അതത് നാളികേര മേഖലയിൽ മില്ലുകൾ സ്ഥാപിച്ച് ചകിരി കയർ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. 2017-18 സാമ്പത്തിക വർഷം തൊണ്ട് സംഭരണത്തിനുള്ള റിവോൾവിംഗ് ഫണ്ട്, ഇൻസെന്റീവ് എന്നിവയ്ക്കായി 10 കയർ പ്രോജക്ടുകളിലേയ്ക്ക് 1,73,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br>നിലവിലെ പദ്ധതി അനുസരിച്ച്, തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്വകാര്യ ഡി.എഫ്.മില്ലുകൾക്കും ഇൻസെന്റീവ്, സബ്സിഡി എന്നിവ |

| | |
|---|---|
| | നൽകുന്നുണ്ട്. കൂടാതെ സംഘങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്. തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. എങ്കിലും ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവത്ക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 100 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ് യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13.7.17 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ് മില്ല് സ്ഥാപിച്ചു കഴിഞ്ഞു. |
| ബി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിവരിക്കുമോ; | ബി) തൊണ്ട് ശേഖരിച്ച് നൽകുന്ന തൊഴിലാളിക്ക് പ്രതിദിന വേതനമായി 400 പച്ച തൊണ്ടിന് 160/- രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ച തൊണ്ടിന് 20 രൂപ വീതവും സർക്കാർ വിഹിതം നൽകുന്നു. ഉണക്ക തൊണ്ടാണെങ്കിൽ 600 എണ്ണത്തിന് 150 രൂപയും അധിക ഓരോ 100 എണ്ണത്തിന് 25 രൂപ വീതവും എന്ന കണക്കിൽ സർക്കാർ വിഹിതം നൽകുന്നു. |

| | |
|---|---|
| സി) കയർ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതിയനുസരിച്ച് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) നിലവിൽ തൊണ്ട് സംഭരിച്ച് നൽകുന്നവർക്ക് പച്ച തൊണ്ടിന് 25 പൈസ നിരക്കിലും ഉണക്ക തൊണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നു. 80/60 ഗ്രാമിൽ താഴെ ചകിരി ലഭിക്കുന്ന പച്ചത്തൊണ്ട്/ഉണക്ക തൊണ്ടിന് 20/10 പൈസ നിരക്കിലാണ് ഇൻസെന്റീവ് നൽകുന്നത്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുമ്പോൾ പച്ച തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിലും ഉണക്ക തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിലും സബ്സിഡിയും നൽകുന്നു. തൊണ്ട് സംഭരണത്തിനായി 2,00,000/- രൂപ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകുന്നു. കയർ സഹകരണ സംഘങ്ങൾക്ക് വലിയ ഡി.എഫ് മെഷീൻ ഉപയോഗിക്കുന്നുവെങ്കിൽ 50,000/- രൂപയും മിനി ഡി.എഫ് മെഷീനാണെങ്കിൽ 10,000/- രൂപയും വർഷംതോറും യഥാർത്ഥ റിപ്പെയർ കണക്കാക്കി മെയിന്റനൻസ് ഗ്രാന്റ്, റീ ഇംപേഴ്സ്മെന്റ് ആയി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ